# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2259 | 17/06/2014-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | എ | പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ, ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂമി വിതരണം നടത്തി ഭവന നിർമ്മാണം ഉൾപ്പെടെ അവർക്ക് അടിസ്ഥാന സൗകര്യവികസനത്തിനും സുസ്ഥിര സാമ്പത്തിക വികസനത്തിനുമുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2001 ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| ബി | മിഷന്റെ കീഴിൽ കഴിഞ്ഞ വർഷം എത്ര തുക ചെലവഴിച്ചു ; എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി | 2013-14 വർഷം ആദിവാസി പുനരധിവാസ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ച 20 കോടി രൂപയും ചെലവഴിച്ചു. ഇതിനകം പുനരധിവസിപ്പിച്ച മേഖലകളിൽ വികസന പ്രവർത്തനങ്ങൾക്കായി 3.69 കോടി രൂപയും, സർക്കാർ ഉത്തരവ് (എം.എസ്) നം. 68/2013/പജപവവിവ തീയതി 03.09.2013 പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുമാണ് 20 കോടിയിൽ ബാക്കി തുകയും ചെലവഴിച്ചിട്ടുള്ളത്. |
| സി | നടപ്പ് സാമ്പത്തിക വർഷം ഇതിന്റെ പ്രവർത്തനത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുകയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ: | സി | 2014-15 ൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുനരധിവാസ മേഖലകളിൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കും ജീവനോപാധി പദ്ധതികൾക്കും പുറമെ പുതിയ പദ്ധതി അനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിനും നടപ്പു വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ മിഷന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക ഏതെങ്കിലും ഫാമിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകുന്നതിന് ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) | ടി ഉത്തരവ് പ്രകാരം ഏത് ഫാമിലെ തൊഴിലാളികളുടെ വി.ആർ.എസ്. തുക നൽകാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തൊഴിലാളികളിൽ എത്ര പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായിട്ടുണ്ട്; ഇവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള ലിസ്റ്റ് ലഭ്യമാക്കാമോ? | (എഫ്) | ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. തുക നൽകാനാണ് ഉദ്ദേശിക്കുന്നത്; ഇവരിൽ ആരും പട്ടികജാതി പട്ടികവർഗ്ഗക്കാരില്ല. എന്നാൽ ഇവർക്കു പകരം നിയോഗിക്കപ്പെടുന്നവർ പട്ടികവർഗ്ഗക്കാർ മാത്രമായിരിക്കണമെന്ന് നിബന്ധനപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

Scheduled Castes /Scheduled Tribes Development Department – Aralam Farm, Kannur - Voluntary Retirement Scheme/Voluntary Separation Scheme to the Staff/Workers - Reintroduced - Orders issued.

**SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (D) DEPARTMENT**

**G.O. (MS) No. 34 /2014/SCSTDD** **Dated, Thiruvananthapuram, 27/05/2014.**

Read: 1. G.O. (MS) 03/2006/SCSTDD dated: 19/01/2006.

2. Lr. No. AFC/1 (54)/Admn./1215 dated 03/07/2013 from the District Collector, Kannur & Chairman Aralam Farming Corporation (Kerala) Ltd.

**ORDER**

As per the Government Order read as 1st paper above, Government had accorded sanction to introduce VRS/VSS under DHI/Gujarati pattern to the staff/workers of Aralam Farm. In the letter read above, the District Collector, Kannur & Chairman Aralam Farming Corporation (Kerala) Ltd, furnished a proposal for reintroduction of VRS/VSS to the staff/workers of Aralam Farm, as per the existing scheme/package. The Chairman requested Government to accord sanction for a sum of Rs. 2.61 crores for payment of ex-gratia to the applicants, (ie, 6 staff members and 46 workers).

Government have examined the matter in detail and are pleased to accord sanction for the re-introduction of VRS/VSS to 6 staff members and 46 workers of the Aralam Farm as per the existing scheme/package sanctioned vide Government Order read as 1st paper above, subject to the condition that no further extension of the scheme will be allowed in future.

Sanction is also accorded for releasing an amount of Rs. 2.61 crores from the outstanding balance of fund under the head of account "2225-02-283-90-Resettlement of landless tribals (Plan)" for payment of ex-gratia payable as per the above scheme. The Director, Scheduled Tribes Development Department will place the above amount at the disposal of the District Collector, Kannur and Chairman, Aralam Farming Corporation (Kerala) Ltd in this regard. The Director, Scheduled Tribes Development Department will monitor the utilization of the amount.

**By Order of the Governor**
**SUBRATA BISWAS**
**PRINCIPAL SECRETARY TO GOVERNMENT**

1. The Managing Director, AFC (Kerala) Ltd.
2. The District Collector, Kannur (Chairman, Aralam Farm management Committee)
3. The Sub Collector, Thalassery
4. The Director, Scheduled Tribes Development Department
5. The Chief, Tribal Resettlement & Development Mission
6. The Principal Accountant General (Audit / A & E), Kerala, Thiruvananthapuram
7. Planning & Economic Affairs Department (vide remarks no. 18848/A2/13/Plg. dated 4/1/2014)
8. Finance Department (vide remarks no. 5992/WW2/14/Fin dated 21/2/2014)
9. District Treasury Officer, Thiruvananthapuram
10. General Administration (SC) Department (Vide item No. 5246 of Cabinet Decision Dt 21.05.2014)
11. Stock File/Office Copy

Copy to:

Private Secretary to Chief Minister
Private Secretary to Minister (WST, YA, M & Z)
PS to Principal Secretary, ST Development Department
CA to Joint Secretary, SC/ST Development Department

***Forwarded /By order***

***Section Officer***